(ബി) ഭവനനിർമ്മാണം പോലുള്ള സ്വകാര്യ ആവശ്യങ്ങൾക്ക് തടി വാങ്ങാനുദ്ദേശിക്കുന്നവർക്ക് വനം വകുപ്പിന്റെ ഇ-ഓക്ഷനിൽ പങ്കെടുക്കുന്നതിനുള്ള സൗകര്യം ലഭ്യമാണോ; വ്യക്തമാക്കുമോ?

ഭവനനിർമ്മാണം പോലുള്ള സ്വകാര്യ ആവശ്യങ്ങൾക്ക് വ്യക്തികൾക്ക് പരമാവധി 8 ക്യൂബിക് മീറ്റർ വരെ തടി ലഭിക്കുന്നതിന് എം.എസ്.റ്റി.സി. യിൽ രജിസ്റ്റർ ചെയ്ത് ഇ-ഓക്ഷനിൽ പങ്കെടുക്കുന്നതിന് സൗകര്യം ലഭ്യമാണ്. ഇവർക്കും ലേല നിബന്ധന ബാധകമാണ്.

എറണാകുളത്തെ വനം റേഞ്ചുകളിൽ നിന്ന് മുറിച്ച മരങ്ങൾ

122 (428) ശ്രീ. ടി. ജെ. വിനോദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ വനം റേഞ്ചുകളിൽനിന്നും 24-10-2020-ന് ശേഷം മൊത്തം എത്ര ഈട്ടി/തേക്ക്/എബണി/ചന്ദനം എന്നീ മരങ്ങൾ മുറിച്ചു എന്ന് വ്യക്തമാക്കാമോ?

എറണാകുളം ജില്ലയിലെ വനം റേഞ്ചുകളിൽ നിന്നും 546 മരങ്ങളാണ് മുറിച്ചിട്ടുള്ളത്.

(ബി) ഇതിൽ വനം വകുപ്പിന്റെ അനുമതി വാങ്ങി മുറിച്ച മരങ്ങളുടെ എണ്ണം ലഭ്യമാക്കാമോ; വകുപ്പിന്റെ അനുമതി ഇല്ലാതെ എത്ര മരങ്ങളാണ് ഈ കാലയളവിൽ മുറിച്ചത് എന്ന വിവരം ലഭ്യമാക്കാമോ?

546 മരങ്ങളാണ് മുറിച്ചിട്ടുള്ളത്. ഈ മരങ്ങളെല്ലാം തന്നെ വനം വകുപ്പിന്റെ അനുമതിയോടെയാണ് മുറിച്ചിട്ടുള്ളത്.

പട്ടയ ഭൂമിയിലെ മരംമുറി

123 (429) ഡോ. മാത്യു കുഴൽനാടൻ: താഴെകാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂരിൽ പട്ടയ ഭൂമിയിൽനിന്നും മുറിച്ച മരങ്ങൾ കൊണ്ടുപോകുന്നതിന് ആവശ്യമായ രേഖകൾ റവന്യൂ വകുപ്പ് ഉദ്യോഗസ്ഥർ നൽകാതിരുന്നിട്ടും വനം വകുപ്പുദ്യോഗസ്ഥർ പാസ് നൽകിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly